**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1450** **11-09-2023 - ൽ മറുപടിയ്ക്ക്**

**ഉച്ചഭക്ഷണ നിലവാരം മെച്ചപ്പെടുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം. കെ. മുനീർ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സ്കൂളുകളിൽ ഉച്ചഭക്ഷണത്തിനായി ഒരു കുട്ടിക്ക് എത്ര രൂപയാണ് അനുവദിച്ചിരിക്കുന്നതെന്ന് വിശദമാക്കുമോ; | (എ) | പ്രവൃത്തിദിനങ്ങൾ കണക്കാക്കി കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിലാണ് ഉച്ചഭക്ഷണ പദ്ധതി നടത്തിപ്പിനായി സ്കൂളുകൾക്ക് തുക അനുവദിക്കുന്നത്. ചുവടെ പരാമർശിക്കുന്ന മൂന്ന് വ്യത്യസ്ത സ്ലാബുകളിലായാണ് തുക അനുവദിക്കുന്നത്.<br>സ്ളാബ് I - 150 കുട്ടികൾ വരെ - കുട്ടിയൊന്നിന് പ്രതിദിനം 8 രൂപ<br>സ്ളാബ് II - 151 മുതൽ 500 കുട്ടികൾ വരെ - കുട്ടിയൊന്നിന് പ്രതിദിനം 7 രൂപ<br>സ്ളാബ് III - 500 ന് മുകളിൽ - കുട്ടിയൊന്നിന് പ്രതിദിനം 6 രൂപ |
| (ബി) | ഉച്ചഭക്ഷണത്തിന് എന്തെല്ലാം വിഭവങ്ങൾ നൽകാനാണ് നിർദ്ദേശം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; ; | (ബി) | ഉച്ചഭക്ഷണമായി ചോറും അതിനോടൊപ്പം രണ്ട് കറികളും നൽകുവാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. ഇതിന് പുറമെ, കുട്ടികൾക്ക് സപ്ലിമെന്ററി നട്രീഷന്റെ ഭാഗമായി പാൽ (150 മില്ലിലിറ്റർ വീതം ആഴ്ചയിൽ രണ്ട് ദിവസം), മുട്ട/നേന്ത്രപ്പഴം (ആഴ്ചയിൽ ഒരു ദിവസം) എന്നിവയും നൽകുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. |
| (സി) | ഉച്ചഭക്ഷണത്തിന് നൽകുന്ന വിഹിതം അപര്യാപ്തമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പദ്ധതി നടത്തിപ്പിന് സ്കൂളുകൾക്ക് അനുവദിക്കുന്ന തുക (മെറ്റീരിയൽ കോസ്റ്റ്) പരിഷ്കരിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ